കേരള സർക്കാർ

# പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.14)77/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :31.01.2017

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015 -16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.14)77/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :31.01.2017

## എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ തിയ്യതി 30.11.2016 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സുരേഷ് രാജു ഡി. ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.01.2016 മുതൽ 13.01.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. വി.എസ് ഷാജി. ,<br>ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. സി.എം. റഷീദ്.,<br>അസി. ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. പി.ജെ. പ്രസൂൺ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ടി.എബ്രഹാം | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി.അലക്സി സ്കറിയ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പി. അശോകൻ | 01.04.2015 മുതൽ 28.04.2015 വരെ |
| | ശ്രീ. കെ. അനിൽകുമാർ (ഇൻ ചാർജ്ജ്) | 29.04.2015 മുതൽ 17.05.2015 വരെ |
| | ശ്രീ. പി. അശോകൻ | 18.05.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. കെ. അനിൽകുമാർ | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗമ്യ.വി.എസ്. | 01.04.2015 മുതൽ 29.05.2015വരെ |
| | ശ്രീ.സുരേഷ് (അഡീ.ചാർജ്ജ്) | 30.05.2015 മുതൽ 12.06.2015 വരെ |
| | ശ്രീമതി.ജെ.ആർ. ജിത. | 13.06.2015 മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | സൂസൻ ലീ തോമസ് | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷീന ജോസഫ്. | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പി,എം. വൽസ | 01.04.2015മുതൽ 28.08.2015വരെ |
| | ശ്രീമതി.വി.എ. റാഷിദ | 29.08.2015മുതൽ 31.01.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.എസ്.സിദ്ദിക്ക്. | 01.04.2015മുതൽ 09.08.2015വരെ |
| | ശ്രീ. കെ.ആർ.രാജേഷ്. | 10.08.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.കിരൺനാരായണൻ | 01.04.2015മുതൽ 01.12.2015വരെ |
| | ഡോ. രമ്യ രവീന്ദ്രൻ | 02.12.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. പി. സംഗീത | 01.04.2015മുതൽ 31.03.2016വരെ |
| | ഡോ. വിഭ റോസ്മി ജോൺ | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ് മിസ്ട്രസ്സ് (ജി.എൽ.പി.എസ്. പോത്താനിക്കാട്.) | ശ്രീമതി. സലോമിജോസ്. | 01.04.2015മുതൽ 15.05.2015വരെ |
| | ശ്രീമതി. കെ.കെ.സെൽമ. | 16.05.2015 മുതൽ 31.03.2016വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം- | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-II | |
| 12 | കംഫർട്ട് സ്റ്റേഷൻ ലേലം - 12500/- രൂപ നഷ്ടം | 2-1 |
| 13 | മൊബൈൽ ടവർ വസ്തു നികുതി - അപാകതകൾ | 2-2 |
| 14 | ഷോപ്പിംഗ് കോംപ്ളക്സ് വാടക - അപാകതകൾ | 2-3 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| | ഭാഗം-III | |
| 16 | കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി - 3000/- രൂപയുടെ ചെലവു നിരാകരിക്കുന്നു. | 3-1 |
| 17 | മീഡിയശ്രീ - 65000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | കറന്റ് ചാർജ്ജ്/വാട്ടർ ചാർജ്ജ് സമയബന്ധിതമായി അടക്കാത്തതിനാൽ പാഴ്ച്ചെലവ് | 3-3 |
| 19 | സൈക്കിൾ വിതരണ പ്രോജക്ട് - 16000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. | 3-4 |
| 20 | ഓഡിറ്റ് ഇംപാക്ട് | 3-5 |
| | ഭാഗം-IV | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 32 | ബാലൻസ് ഷീറ്റ് | അനുബന്ധം II |
| 33 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ് | അനുബന്ധം111 |
| 34 | റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റമെന്റ് | അനുബന്ധം IV |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.03.2015ലെ തീരുമാന നമ്പർ ഒന്നു പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33060923 | 31293535 |
| വാർഷിക കണക്കുകൾ പ്രകാരം | 18649845 | 22965593 |
| വ്യത്യാസം | 144411078 | 8327942 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ, വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു ചെലവുകളുമായി വളരെയധികം വ്യത്യാസമുള്ളതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 19.07.2016 | അപാകതയില്ല. | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു.അപാകതകളില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 6611199 |
| വരവ് | 18649845 |
| ആകെ | 25261044 |

| | |
|---|---|
| ചെലവ് | 22965593 |
| നീക്കിയിരിപ്പ് | 2295451 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 154854 | 4480979 | 4635833 | 4635833 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 103112 | 1274000 | 1377112 | 1377112 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 25000 | 102600 | 127600 | 127600 | 25000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 245794 | 1895074 | 2140868 | 2140868 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 825511 | 1914771 | 2740282 | 2740282 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 228723 | 1648660 | 1877383 | 1877383 | 2602 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1784000 | 99840 | 1883840 | 1883840 | 413067 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 15674/- | 2865566 | 2881240 | 2851274 | 0 | 29966 |
| ബി ഫണ്ട് | 0 | 10379690 | 10379690 | 10379690 | 0 | 0 |

വികസനഫണ്ട് പൊതുവിഭാഗത്തിലേയ്ക്ക 440669/- രൂപ വികസനഫണ്ട് ടി.എസ്.പി., 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും ട്രാൻഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ വികസനഫണ്ട് ടി.എസ്.പി വിഭാഗത്തിൽ നിന്നും 400/-, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 7305/-, പെർഫോമൻസ് ഗ്രാന്റിൽ നിന്നും 313227/-, സംരക്ഷണഗ്രാന്റ് നോൺറോഡ് വിഭാഗത്തിൽ നിന്നും 405229/-, സംരക്ഷണഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും 41926/- എന്നീ തുകകൾ ചെലവഴിക്കാതെ അതാത ഫണ്ടുകളിലേയ്ക്ക തിരിച്ചടച്ചിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 104 | 15210336 | 94 | 14342249 | 0 | 10 | 90.38 |

നടപ്പാക്കാത്ത 10 പ്രോജക്ടുകൾ പ്രോജക്ട് പരിഷ്കരണത്തിന്റെ ഭാഗമായി ഒഴിവാക്കപ്പെതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30 ശതമാനം കുറവു ഉണ്ടായിട്ടുണ്ട്. നികുതി വരുമാനത്തിലുണ്ടായിട്ടുള്ള ഗണ്യമായ കുറവു ഏറെ ഗൌരവമായി വീക്ഷിക്കേണ്ടതാണ്. നികുതി വരുമാനം പരമാവധി വർദ്ധിപ്പിക്കുവാനും അതുവഴി സ്ഥാപനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും വിശിഷ്യാ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3388183/- | 2418873/- | (-) 969310/- | (-)28.6% |
| നികുതിയേതര വരവുകൾ | 691125 | 918889/- | (+) 227764/- | (+) (+)33% |
| മറ്റുവരവുകൾ | 17981/- | 34441/- | (+) 16460/- | (+) 92% |
| ആകെ | 4097289/- | 3372203/- | 1213534/- | 30% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---:|:---:|
| തൊഴിൽരഹിത വേതനം | 61200 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2340150 | 273 |
| വിധവാപെൻഷൻ | 2778640 | 272 |
| വാർദ്ധക്യകാലപെൻഷൻ | 3564030 | 509 |
| വികലാംഗപെൻഷൻ | 1265195 | 135 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകളായ വനിതകൾക്കുള്ള പെൻഷൻ | 164760 | 14 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹസഹായം | 150000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2017ൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 940/- രൂ. ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ വരവ് ചെലവ് രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെലവ് വൌച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാവുന്ന തരത്തിൽ ക്രമനമ്പർപാലിച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തനത് ഫണ്ട് ഇനങ്ങളുടെ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ നിന്നും ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് കാണുന്നു. എന്നാൽ ഓഡിറ്റ് വർഷം സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കാതിരുന്നത് ഒരു പോരായ്മയാണ്. 2015-16 വർഷം ഓഫീസ് മീറ്റിംഗ് തുടർച്ചയായ ഇടവേളകളിൽ കൂടുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2016 | 01.11.2016 മുതൽ 30.11.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2013 മുതൽ 18.11.2013 വരെ | 2008-09 മുതൽ 2012-13 വരെ | 18.01.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കംഫർട്ട് സ്റ്റേഷൻ ലേലം - 12500 നഷ്ടം

പോത്താനിക്കാട് ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ 2015- 16 ൽ ലേലം കൊണ്ട വ്യക്തി ലേലത്തുക മുഴുവനായി അടക്കാതിരുന്നതിനാൽ 12500 രൂപയുടെ നഷ്ടമുണ്ടായി.

ലേലത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| ലേല നോട്ടീസ് | C 5 – 464/15/26.02.2015 |
| ലേല തീയതി | 10.03.2015 ( പുനർ ലേലം ) |
| ലേലം കൊണ്ട വ്യക്തി | ജോർജ് എ കെ , പൈങ്ങോട്ടൂർ |
| ലേലത്തുക | 18000/- |
| കമ്മറ്റി അംഗീകാരം | III(II)/31.03.2015 |

ലേലം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു .

1. ലേലം കൊണ്ട തുക 18000 ആയിരുന്നെങ്കിലും താഴെ പറയും പ്രകാരം 5500 രൂപ മാത്രമാണ് ലേലക്കാരൻ അടച്ചത് .

| രസീത് നം | തുക |
|---|---|
| 11403104420/30.03.2015 | 1000 |
| 11403104421/30.03.2015 | 4500 |

പഞ്ചായത്തും ലേലക്കാരനുമായി ഒപ്പ് വെച്ച എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല . എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും, നഷ്ടത്തുക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടും 06.01.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 3 ) നൽകിയ മറുപടിയിൽ നഷ്ടത്തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു . 12500 രൂപ ലേലക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ് .

## 2-2 മൊബൈൽ ടവർ വസ്തുനികുതി – അപാകതകൾ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകളാണുള്ളത് . ഇവയുടെ വസ്തു നികുതി ഈടാക്കിയില്ല . വിശദ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം | മൊബൈൽ ടവറിന്റെ പേര് / കെട്ടിട നം | കാലയളവ് | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|
| 1 | ഐഡിയ സെല്ലുലാർ ലിമിറ്റഡ്, IV/113 B | 2015 - 16 | 2447 |
| 2 | ഹച്ചിൻസൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, IV 325 B | 2009 – 10 മുതൽ 2015 -16 | 8980 |

വസ്തുനികുതി പിഴ പലിശ ഉൾപ്പെടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് .

ഇവ കൂടാതെ ഭാരതി ഇൻഫ്രാടെക്ക് ലിമിറ്റഡ്, ബി എസ് എൻ എൽ എന്നിവയുടെ മൊബൈൽ ടവറുകളുമാണുള്ളത് . ഇതിൽ ബി എസ് എൻ എൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.09.2012 ലെ ജി ഒ ( ആർ ടി ) 2540/2012 / സ ഉ പ്രകാരം ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ് . തനത് വരുമാനം കുറവായ പഞ്ചായത്ത് വസ്തു നികുതി ചോർച്ച ഒഴിവാക്കി മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കേണ്ടതാണ് .

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ

പഞ്ചായത്തിന് ബസ് സ്റ്റാന്റ് , കാർഷിക വിപണന കേന്ദ്രം എന്നീ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 40 മുറികളാണ് ഉള്ളത് . വാടക സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു .

1. സംവരണം പാലിക്കുന്നില്ല .

ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരം 10 ശതമാനം മുറികൾ എസ് സി , എസ് റ്റി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ളതാണ് . എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരു മുറി മാത്രമാണ്

നിലവിൽ എസ് സി , എസ് റ്റി വിഭാഗങ്ങൾക്ക് ലേലം ചെയ്ത് നൽകിയിട്ടുള്ളത് . സംവരണം പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

2 .കടമുറി വാടക രഹിതമായി നൽകി .

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലാണ് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത് . എന്നാൽ പ്രസ്തുത കടമുറിയുടെ വാടക ലഭിക്കുന്നില്ല . വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 2-4 തൊഴിൽ നികുതി അപാകതകൾ

1. അപൂർണ്ണമായ തൊഴിൽ നികുതി നിർണ്ണയ പത്രിക

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 204 (3) പ്രകാരം, വീട്ടു വാടക ബത്ത ഒഴികെയുള്ള മുഴുവൻ വരുമാനവും ഉൾപ്പെടുത്തി തൊഴിൽനികുതി നിർണ്ണയിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പത്രിക സഹിതം നികുതി അടക്കേണ്ടതുമാണ്. എന്നാൽ പല സ്ഥാപനങ്ങളും അപൂർണ്ണമായ പത്രികയാണ് പഞ്ചായത്തിൽ സമർപ്പിക്കുന്നത് . പല സ്ഥാപനങ്ങളും ജീവനക്കാരുടെ വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി നികുതി തിട്ടപ്പെടുത്തിയിട്ടില്ല. സെന്റ് തോമസ് ഹോസ്പിറ്റൽ പോത്താനിക്കാട് , സെന്റ് സേവ്യേഴ്സ് സ്കൂൾ പോത്താനിക്കാട് എന്നീ സ്ഥാപനങ്ങൾ അടിസ്ഥാന ശമ്പളം മാത്രമാണ് ഉൾപ്പെടുത്തുന്നത് . സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വരുമാന പത്രിക പൂർണ്ണമാണോയെന്നും , ഉൾപ്പെടുത്തേണ്ട മുഴുവൻ വരുമാനവും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടോയെന്നും ഉറപ്പ് വരുത്തേണ്ടതാണ് .

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2015 – 16 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടക്കുന്നില്ല .

ഉദാഹരണം ബി.എസ്.എൻ.എൽ. പോത്താനിക്കാട്

മാവേലി സ്റ്റോർ

സെൻറ് മേരീസ് ഹോസ്പിറ്റൽ

ഫാർമേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി-നീതി സ്റ്റോർ

ഫാർമേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി-പലചരക്ക്

ഫാർമേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി- വളം

സ്ഥാപന തൊഴിൽ നികുതി അടക്കുന്നതിന് ബാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി - 3000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ വകുപ്പ് സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി (ICODD- 2015 ) യിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് 9000 /- രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട് .

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

തദ്ദേശ സ്വയം ഭരണ (ഇ പി എ ) വകുപ്പിന്റെ ഉത്തരവ് നം ( എം എസ് ) നം .128/2015/ത സ്വ ഭ വ / 07/04/2015 പ്രകാരം അനുവദനീയമായ തുക സി പത്മകുമാർ , സീനിയർ സൂപ്രണ്ട് പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ പേരിലാണ് നൽകിയത് .

വിശദ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| ബിൽ നം | 84/2015-16 |
| ഡി ഡി നം | 532608/12.05.2015 |

താഴെ പറയുന്ന വ്യക്തികളെയാണ് പഞ്ചായത്ത് കോൺഫറൻസിനായി നിയോഗിച്ചത് .

1.ടോമി ഏലിയാസ് , മെമ്പർ

2.അനിൽകുമാർ .കെ , അസിസ്റ്റന്റ് സെക്രട്ടറി

3.സുരേഷ് എസ് പി , ഹെഡ് ക്ലർക്ക്

2015മെയ് 15 വെള്ളി ,16 ശനി ,17 ഞായർ എന്നീ തീയതികളിലായാണ് കോൺഫറൻസ് നടന്നത്. നിയോഗിക്കപ്പെട്ട വ്യക്തികൾ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ( ഡ്യൂട്ടി സർട്ടിഫിക്കറ്റ് / അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ) ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 4 ) നൽകിയ മറുപടിയിൽ ശ്രീ അനിൽകുമാർ .കെ , ശ്രീ.സുരേഷ് എസ് പി എന്നിവരുടെ അറ്റൻഡൻസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ ശ്രീ.ടോമി ഏലിയാസ് പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല . നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ സെമിനാറിൽ പങ്കെടുക്കാത്തതിനാൽ 3000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 <u>മീഡിയ ശ്രീ - 65000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡിയ ശ്രീ" പ്രൊജക്ടിന്റെ ഭാഗമായി ഡോക്യുമെന്ററി നിർമ്മാണത്തിനു വേണ്ടി 65000/- രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുന്നതിന് ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തു . എന്നാൽ ഡി ഡി കുടുംബശ്രീ സ്റ്റേറ്റ് മിഷന് നൽകിയില്ല . പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:-

| | |
|---|---|
| ഫയൽ നം | സി 3 - 1121 – 15 |
| പ്രൊജക്ട് നം | S 0036/16 |
| പ്രൊജക്ടിന്റെ പേര് | മീഡിയ ശ്രീ |
| സർക്കാർ ഉത്തരവ് നം. | സ.ഉ.(സാധാ) 3206/2014 ത.സ്വ.ഭ.വ. /05.12.2014 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അംഗീകാരം | DDP EKM / F – 16432/2014 / 28.05.2015 |
| ബിൽ നം | 29/26.03.2016 |
| ഡി ഡി / ചെക്ക് നം | 683143/ 29.03.2016, ₹.65,000/- (പ്ലാൻ ഫണ്ട് ) |

പ്രൊജക്ട് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു

കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ 13.04.2015 ലെ KS/K/6260/2015 നം കത്ത് പ്രകാരം മീഡിയ ശ്രീ പ്രൊജക്ടിന്റെ ഭാഗമായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന്

2 പേർ എന്ന പ്രകാരം 1896 പേർക്ക് പരിശീലനം നൽകിയതായും അതിലുൾപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് അതാത് സ്ഥാപനങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം പരിശീലനം കിട്ടിയ കുടുംബശ്രീ അംഗങ്ങളുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല . പരിശീലനത്തിന്റെ വിവരവും , തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 06.01.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1) നൽകിയ മറുപടിയിൽ ഡി ഡി കുടുംബശ്രീക്ക് കൈമാറിയിട്ടില്ല എന്ന വിവരം അറിയിച്ചു . 29.03.2016 ന് എടുത്ത ഡി ഡി റീ വാലിഡേറ്റ് ചെയ്യാതെ സൂക്ഷിച്ചിരിക്കുകയാണ് . "മീഡിയ ശ്രീ" പ്രൊജക്ട് സംബന്ധിച്ച് ആക്ഷേപം ഉള്ളതിനാൽ തുക തിരിച്ചടക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു . 65000 രൂപ സത്വരമായി തിരിച്ചടക്കേണ്ടതാണ് .

## 3-3 കറന്റ് ചാർജ് / വാട്ടർ ചാർജ് സമയബന്ധിതമായി അടക്കാത്തതിനാൽ പാഴ് ചെലവ്

പഞ്ചായത്തിൽ നിന്നും 2015 – 16 വർഷത്തിൽ രണ്ട് അങ്കണവാടി , സ്ട്രീറ്റ് ലൈറ്റ് എന്നിവയുടെ വാട്ടർ ചാർജ് / കറന്റ് ചാർജ് ഇനത്തിൽ വൻ തുകയാണ് (180887 രൂപ) അടച്ചിട്ടുള്ളത്.

വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | വിശദ വിവരം | ബിൽ നം / തുക | കാലയളവ് | വൗച്ചർ നം / ട്രഷറി ചെക്ക് നം / തുക | രസീത് നം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അങ്കണവാടി വാട്ടർ ചാർജ്, നം 48 , കൺസ്യൂമർ നം PT - 850 | 8929/ 22.01.2016, 41521 രൂപ | 2012 ഡിസംബർ -2015 ഡിസംബർ | 21500770 / 11.03.2016, 41521 രൂപ | M C0008784/ 18.03.2016 , വാട്ടർ അതോറിറ്റി കോതമംഗലം | - |
| 2 | അങ്കണവാടി വാട്ടർ ചാർജ് , നം 51, കൺസ്യൂമർ നം PT - 1918 | 7931/- 22.10.2015, 3371 രൂപ | 2014 സെപ്റ്റംബർ -2015 ഒക്ടോബർ | 21500497 / 28.11.2015, 3371 രൂപ | M C0000814/ 02.12.2015 | ബിൽ തുകയിൽ 618 രൂപ ഫൈൻ |
| 3 | സ്ട്രീറ്റ് ലൈറ്റ് കുടിശ്ശിക, കൺസ്യൂമർ നം 89 | 437749/- 08.02.2016 , 129448 രൂപ | 2002 ഒക്ടോബർ - 2003 നവമ്പർ , ജൂലായ് 2004 – ഫെബ്രുവരി 2016 | 21500698/ 18.02.2016 , 135995 രൂപ | 55244/ 5524376/ 18.02.2016 / വില്ലേജ് ഓഫീസ് പോത്താനിക്കാട് | റവന്യൂ റിക്കവറിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ അടച്ചു . ബിൽ തുക 129448 രൂപയാണെങ്കിലും റിക്കവറി ചാർജ് ഉൾപ്പെടെ 135995 രൂപ അടച്ചു . |
| | ആകെ | | | 180887 രൂപ | | |

കറന്റ് ചാർജ് / വാട്ടർ ചാർജ് അടവ് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 10.01.2017 ൽ ഓഡിറ്റ് എൻക്വയറി നൽകി .

1.വാട്ടർ ചാർജ്, കറന്റ് ചാർജ് എന്നിവ സമയബന്ധിതമായി അടവാക്കാഞ്ഞതിന്റെ കാരണം.

2. ക്രമ നം 2 പ്രകാരമുള്ള ബിൽ തുകയിലെ 618 രൂപ ഫൈൻ ഈടാക്കിയതിന്റെ കാരണ.

3. വാട്ടർ ചാർജ് ബില്ലുകളിൽ ഉപയോഗിച്ച വെള്ളത്തിന്റെ യൂണിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത തിനാൽ മീറ്റർ പ്രവർത്തനക്ഷമമായിരുന്നോയെന്ന വിവരം വ്യക്തമല്ല. മീറ്റർ പ്രവർത്തനക്ഷമമല്ലായിരുന്നെങ്കിൽ ആയതിന്റെ വിവരം / കാരണം .

4.ബിൽ സമയബന്ധിതമായി ലഭിക്കാതിരുന്നിട്ടും ആയത് അടക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ .

5. അങ്കണവാടി കെട്ടിടം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ .

1. അങ്കണവാടി കെട്ടിട നം b)വാടക കെട്ടിടമാണെങ്കിൽ ആയതിന്റെ വിവരം c)അങ്കണവാടി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ കൊല്ലം b)അങ്കണവാടിയിലെ ഇപ്പോഴത്തെ പ്രതിമാസ വാട്ടർ ചാർജ്

പ്രസ്തുത എൻക്വയറിക്ക് 10.01,2017 ൽ സമർപ്പിച്ച മറുപടിയിൽ താഴെ പറയുന്ന വിവരങ്ങൾ മാത്രമാണ് അറിയിച്ചത് .

1. കൃത്യസയത്ത് ബിൽ ലഭിക്കാതിരുന്നതിനാലാണ് അങ്കണവാടിയുടെ വെള്ളക്കരം അടക്കാതിരുന്നത് .

2. ബഹു : ഹൈക്കോടതിയുടെ WPC No 36956/2010, WA No 1876/2014 എന്നിവയുടെ അടിസ്ഥാനത്തിലാണ് കറന്റ് ചാർജ് അടച്ചത് . മാത്രവുമല്ല കറന്റ് ചാർജ് അടക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടായി .

മറുപടിയുടെ അടിസ്ഥാനത്തിൽ ഫൈൻ ഇനത്തിലെ 618 രൂപ അധിക ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു . ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ് . വൈദ്യുതി ബിൽ , വാട്ടർ ബിൽ എന്നിവ സമയബന്ധിതമായി അടച്ച് പാഴ് ചെലവ് ഒഴിവാക്കേണ്ടതാണ് .

# 3-4 സൈക്കിൾ വിതരണ പ്രൊജക്ട് - അപാകത - 16000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്ത് 2015 – 16 ൽ നടപ്പാക്കിയ പ്രൊജക്ടാണ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം. വാങ്ങിയ മുഴുവൻ സൈക്കിളുകളും വിതരണം ചെയ്യാത്തതിനാൽ 16000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് നം | എസ് 0103/16 |
| പ്രൊജക്ടിന്റെ പേര് | സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം |
| അംഗീകാരം | D/Pd1/2015/27.05.2015 |
| അടങ്കൽ | 160000 രൂപ |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥ | എച്ച് എം , ജി എൽ പി എസ് , പോത്താനിക്കാട് |

പ്രൊജക്ട് നിർവ്വഹണത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

സൈക്കിൾ വിതരണത്തിന് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ താഴത്തേവീട്ടിൽ ഫർണിച്ചറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 31 സൈക്കിൾ വാങ്ങുകയും ചെയ്തു .

| | |
|---|---|
| സൈക്കിളിന്റെ വില | 4000/- |
| ബിൽ നം | 255/27.03.2016 |

| | |
|---|---|
| തുക ട്രഷറി ബിൽ നം | 124000/-<br>5/30.03.2016 |
| ഡി ഡി നം | 683959/02.04.2016 |

പ്രൊജക്ടിലെ അപാകതകൾ താഴെ ചേർക്കുന്നു .

31 സൈക്കിളുകളാണ് വാങ്ങിയതെങ്കിലും 27 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് . സ്ഥാപനം മാർച്ച് 2016 ൽ സൈക്കിളുകൾ വിതരണം ചെയ്തെങ്കിലും 4 സൈക്കിളുകൾ ഇപ്പോഴും വിതരണം ചയ്തിട്ടില്ല . ഇക്കാരണത്താൽ 4 സൈക്കിളുകളുടെ വിലയായ 16000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-5 ഓഡിറ്റ് ഇംപാക്റ്റ് - 2985 രൂപ തിരിച്ചടച്ചു

1) ബില്ലിലെ അപാകത – 2715 രൂപ തിരിച്ചടച്ചു

പഞ്ചായത്തിലെ ഉപയോഗത്തിനായി 2015 -16 ൽ രണ്ട് ലാപ്പ് ടോപ്പുകൾ വാങ്ങി(പ്രൊജക്റ്റ് നം S 0113/16 ) . ലാപ്പ് ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനം സമർപ്പിച്ച ബില്ലിൽ താഴെ പറയുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ 06.01.2017 ൽ ഓഡിറ്റ് എൻക്വയറി ( നം 2) നൽകി . സ്ഥാപനം ടാക്സ് ബിൽ ( ഫോം നം 8 ബി , ഡി ) ഹാജരാക്കേണ്ടിയിരുന്നതെങ്കിലും സ്ഥാപനം ഹാജരാക്കിയ ബിൽ അത്തരത്തിലുള്ളതല്ല . നികുതി തുക അടവാക്കിയിട്ടില്ലാത്തതിനാൽ 2715 രൂപ രസീത് നം 11603102826/11.01.2017 പ്രകാരം അടച്ചു .

2) യാത്രാ ബത്ത - 250 രൂപ തിരിച്ചടച്ചു

തിരുമാറാടി ഗ്രാമപഞ്ചായത്തിലെ കേസുമായി ബന്ധപ്പെട്ട് കോട്ടയം ക്രൈംബ്രാഞ്ച് ഓഫീസിൽ പോയതിന് സെക്രട്ടറിക്ക് യാത്രാബത്ത നൽകിയത് സംബന്ധിച്ച് 10.01.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം 7) അടിസ്ഥാനത്തിൽ യാത്രാബത്തയായി നൽകിയ250 രൂപ 10.01.2017 ലെ 11603102825 നം രസീത് പ്രകാരം തിരികെ അടച്ചു .

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 15-16 | 72000 | ശുചിത്വ കക്കൂസ് നിർമ്മാണം. | 72000 | 0 |
| കേന്ദ്രാവിഷ്കൃതം | 15-16 | 168038 | അങ്കണവാടി പൂരകപോഷകാഹാരം | 168038 | 0 |
| ജില്ലാ പഞ്ചായത്ത് | 15-16 | 83090 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് | 83090 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 15-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം ഈയിനത്തിൽ തുകയൊന്നും വരവില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക | തൻവർഷം അടച്ച മുതൽ | തൻവർഷം അടച്ച പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | ഇ.എം.എസ് ഭവന വായ്പ | സ.ഉ.(സാ) നം. 1098/ 10/ തസ്വഭവ/27. 03.10 | 3105000 | 1518571 | 791090 | 156143 | 727481 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2015-16 വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 7802/- രൂ. വരവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | ഉത്തരവാദിയുടെ പേരും സ്ഥാനപ്പേരും | അടച്ച തുക | രസീതു നമ്പരും തീയതിയും |
|---|---|---|---|
| 2010-11, 2-3 | ബെന്നി വർഗ്ഗീസ്, ചീരറ്റത്തോട്ടത്തിൽ, പോത്താനിക്കാട് | 1250 | 11503100234/ 7.5.15 |
| 2012-13, 2013-14 | ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പോത്താനിക്കാട് | 200 | 11503101395/ 15.10.2015 |
| 2012-13, 2013-14, 2-3 | ശേഖർ മാച്ച് ഇൻഡസ്ട്രീസ്, പോത്താനിക്കാട് | 500 | 11503101440/ 21.10.2015 |
| 2008-09, 2009-10, 2-3 | സി.യു. ലൂക്കോസ്, ചിറ്റേത്ത്, പോത്താനിക്കാട് | 100 | 11503101497/ 06.11.2015 |
| 2010-11, 2-3 | ബെന്നി വർഗ്ഗീസ്, ചീരറ്റത്തോട്ടത്തിൽ, പോത്താനിക്കാട് | 1250 | 11503101796/ 11.01.2016 |
| | ജെറീസ് തോമസ്, പടിഞ്ഞാറ്റിപുത്തൻപുര, പോത്താനിക്കാട് | 4252 | 11503102089/ 12.02.2016 |
| 2010-11, 2-2 | മുഹമ്മദ് ബഷീർ, ഓവർസീയർ | 250 | 11503500007/ 26.02.2016 |

| | | | |
|---|---|---|---|
| | ആകെ | 7802 | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിചെലവ് | 20 | 2014-16 | 3.7.1.9.3 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- അപാകത | WP(C)18345/ 2008 നം.കേസ് പ്രകാരം സ്റ്റേയിലാണ്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 25261044/- (മുന്നിരുപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2295451/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12500/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | : | 3618/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 81000/- |

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12500/- | | പി. അശോകൻ, സെക്രട്ടറി |
| 3-1 | | 3000/- | പി. അശോകൻ, സെക്രട്ടറി |
| 3-3 | | 618/- | പി. അശോകൻ, സെക്രട്ടറി |
| ആകെ | 12500/- | 3618/- | |

.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65000 | പി. അശോകൻ, സെക്രട്ടറി |
| 3-4 | 16000 | കെ.കെ.സെൽമ, എച്ച്.എം.,ജി.എൽ.പി.എസ്. |
| ആകെ | 81000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.അശോകൻ, സെക്രട്ടറി | സെക്രട്ടറി, രായമംഗലം ഗ്രാമ പഞ്ചായത്ത്. | അക്ഷര, പെരുമ്പാവൂർ. |
| കെ.കെ.സെൽമ, എച്ച്.എം.,ജി.എൽ.പി.എസ് | എച്ച്.,ജ.എൽപ.എസ്,പോത്താനിക്കാട്. | മണലംപാറ, പല്ലാരിമംഗലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1)89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിച്ചെലവ് | എൽ.എഫ്.ഇ(പി1)72/2004 തീ. 13.092.04 |
| 2001-2002 പദ്ധതിച്ചെലവ് | എൽ.എഫ്.ഇ(പി1)1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7)1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7)1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7)1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7)1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7)916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7)916(എ)/2011തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7)1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7)495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി 14) 77/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി : 31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

.

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P14) 77/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 31.01.2017

Certified that I have audited the Annual Financial Statement of Pothanicad Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pothanicad Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)